(എ) സംസ്ഥാനത്തെ വനം വകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷനുകളുടെ ഉൽപ്പാദന ക്ഷമതയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്ലാന്റേഷനുകളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) വനംവകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് നഴ്സറികൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കൂടുതലായി നഴ്സറികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരുതുന്നുണ്ട്.

(സി) തോട്ടങ്ങളുടെ ഉല്പാദനക്ഷമത നടീൽവസ്തുക്കളുടെ ഗുണത്തിലും ജനിതക ഘടനയിലും സ്ഥിതിചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കാനും ജനിതക ഘടന മെച്ചപ്പെടുത്താനും, തിരഞ്ഞെടുത്ത മുന്തിയ ഇനം വിത്തുകളുപയോഗിക്കാനും വിശിഷ്ടമായ മരങ്ങളുടെ ക്ലോണുകൾ വികസിപ്പിച്ചെടുക്കാനും നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കുളത്തൂപ്പുഴ (കൊല്ലം സർക്കിൾ), നിലമ്പൂർ (ഒലവക്കോട് സർക്കിൾ), ചെട്ടിക്കുളം (സെൻട്രൽ സർക്കിൾ), ചെറിവഞ്ചേരി (കോഴിക്കോട് സർക്കിൾ) എന്നിവിടങ്ങളിൽ.

(ഇ) രണ്ട് നഴ്സറികൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ട്. സ്ഥലം തെരഞ്ഞെടുക്കുന്നതിന്റെ അന്തിമ തീരുമാനം ആയിട്ടില്ല.

50 (1013) അനധികൃത മരംവെട്ട് തടയാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി മരംവെട്ട് തടയാൻ വനം വകുപ്പിൽ ആവശ്യമായ ജീവനക്കാർ ഉണ്ടോ;

(ബി) അനധികൃത മരംവെട്ട് തടയുന്നതിനാവശ്യമായ വാഹനങ്ങളും ആയുധങ്ങളും ഫോറസ്റ്റ് ജീവനക്കാർക്ക് നൽകുന്നുണ്ടോ;

(സി) അനധികൃത മരംവെട്ട് ഫലപ്രദമായി തടയുന്നതിന് പുതിയ വല്ല നയവും സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ജീവനക്കാരുടെ കുറവുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അത്യാവശ്യത്തിനുള്ള വാഹനങ്ങളും ആയുധങ്ങളും നൽകുന്നുണ്ട്.

(സി) അക്കാര്യത്തിൽ ആവശ്യമായ നയം ഇപ്പോൾതന്നെയുണ്ട്.

51 (1014) കയ്യേറ്റഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശത്തെ കൈവശ കൃഷിക്കാരുടെ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനെപ്പറ്റി ഈ സർക്കാർ വന്നശേഷം എത്ര തവണ മന്ത്രിതല ചർച്ചകൾ നടത്തി;

(ബി) വീണ്ടും ചർച്ച നടത്തി പ്രസ്തുത പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു തവണ മന്ത്രിതല ചർച്ച നടത്തി.

(ബി) ആവശ്യമുണ്ടെന്നു തോന്നിയാൽ സർക്കാർ വീണ്ടും ചർച്ച നടത്തുന്നതാണ്.

52 (1016) കോഴിക്കോട് ജില്ലയിലെ വനവൽക്കരണ പരിപാടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സാമൂഹ്യ വനവൽക്കരണ പരിപാടി കഴിഞ്ഞവർഷം ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ വർഷം എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഈ ജില്ലയിൽ നടപ്പുവർഷം ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, കുരാച്ചുണ്ട്, കൂടരഞ്ഞി, കാവിലുംപാറ, തിരുവമ്പാടി, കോഴഞ്ചേരി, നരിപ്പറ്റ എന്നീ ഏഴു പഞ്ചായത്തുകളിൽ ആണ് കഴിഞ്ഞവർഷം സാമൂഹ്യ വനവൽക്കരണ പരിപാടി നടപ്പിലാക്കിയത്.

(ബി) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ വർഷം (1998-99) ഓരോ പഞ്ചായത്തിന് ഒരു ലക്ഷം രൂപ വീതം ഏഴുലക്ഷം രൂപ അനുവദിച്ചു.

(സി) കഴിഞ്ഞവർഷം ആരംഭിച്ച പദ്ധതികൾ പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പുവർഷം തുടരുന്നുണ്ട്. ഈ വർഷത്തെ പരിപാടികളുടെ പദ്ധതി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകളെ നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly